# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 896 | 09/8/2017 -ലെ മറുപടി

# പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പെരുനാട്-അത്തിക്കയം കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; എത്ര രൂപയാണ് ഇതിന് ആദ്യഘട്ടത്തിൽ വകയിരുത്തിയിരിക്കുന്നത്; എന്തൊക്കെ പ്രവൃത്തികളാണ് ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (എ) | പെരുനാട്-അത്തിക്കയം കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണം 2013-ൽ ആരംഭിച്ചു. പദ്ധതിയുടെ ആദ്യഘട്ടത്തിന് 1400 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 8 MLD ശേഷിയുള്ള ജലശുദ്ധീകരണശാല<br>2. റോ വാട്ടർ പമ്പിങ് മെയിൻ<br>3. കോട്ടുപാറ ശുദ്ധജല സംഭരണിയിലേക്കും ഇടപ്രാമല ശുദ്ധജല സംഭരണിയിലേക്കുമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും മുക്കം വരെയുള്ള ഗ്രാവിറ്റി മെയിനും<br>4. നിലവിലുള്ള ഇൻടേക് കിണറിന്റെയും പമ്പ് ഹൗസിന്റെയും നവീകരണം<br>5. ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നിർമ്മാണം<br>6. ചെമ്പൻമുടി, പഞ്ചാരമുക്ക് എന്നിവിടങ്ങളിലെ ജലസംഭരണികളുടെ നിർമ്മാണം<br>7. പമ്പ് സെറ്റുകൾ സ്ഥാപിക്കൽ |
| (ബി) പദ്ധതിയുടെ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തിയാക്കിയത്; ഇനി എന്തൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്; ഇത് എന്നത്തേക്ക് പൂർത്തീകരിക്കും; | (ബി) | പെരുനാട് അത്തിക്കയം ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ ഘടകങ്ങളിൽ ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പിങ് മെയിനുകൾ, ഗ്രാവിറ്റി മെയിൻ എന്നിവയുടെ നിർമ്മാണം പൂർത്തിയായി.<br>അവശേഷിക്കുന്ന ഘടകങ്ങളായ ഇൻടേക്ക് കിണറിന്റെ നവീകരണം, ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നിർമ്മാണം, ചെമ്പൻമുടി, |

പഞ്ചാരമുക്ക് എന്നിവിടങ്ങളിലെ ജലസംഭരണികളുടെ നിർമ്മാണം, പമ്പ് സെറ്റുകൾ സ്ഥാപിക്കൽ എന്നിവ ഒറ്റ പാക്കേജായി നടപ്പാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു. എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ 10 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) പദ്ധതിയുടെ അടുത്ത ഘട്ടത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ; എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) 2016-17-ലെ പുതുക്കിയ ബജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി പ്രഖ്യാപിച്ച പെരുനാട് അത്തിക്കയം കുടിവെള്ള വിതരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 41.4 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബി-യുടെ അംഗീകാരവും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രവത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശുദ്ധീകരണശാല മുതൽ മന്നമ്പുഴ സമ്പ് വരെയും അവിടെ നിന്നും ടാങ്ക് വരെയും, ശുദ്ധീകരണശാല മുതൽ മുണ്ടൻമല സമ്പ് വരെയും, അവിടെ നിന്നും മുണ്ടൻമല ടാങ്ക് വരെയും, കോട്ടുപാറ ടാങ്ക് മുതൽ മാമ്പാറ ടാങ്ക് വരെയും, ജലശുദ്ധീകരണശാല മുതൽ പഞ്ചാരമുക്ക് ടാങ്ക് വരെയും, പഞ്ചാരമുക്ക് ടാങ്ക് മുതൽ ചെമ്പനുടി ടാങ്ക് വരെയുള്ള ശുദ്ധജല പമ്പിംഗ് മെയിനുകൾ
2. മുണ്ടൻമല പമ്പ് ഹൗസിന്റെയും മുണ്ടൻമല ടാങ്കിന്റെയും നിർമ്മാണം
3. വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവർത്തികൾ
4. മുണ്ടൻമല, മന്നമ്പുഴ, പഞ്ചാരമുക്ക്, ചെമ്പനുടി എന്നീ സ്ഥലങ്ങളിലേക്ക് പമ്പ് ചെയ്യുന്നതിനുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ
5. വൈദ്യുതീകരണ പ്രവർത്തനങ്ങൾ

(ഡി) പെരുനാട്-അത്തിക്കയം ശുദ്ധജലവിതരണ പദ്ധതിയുടെ ശേഷി എത്രയാണ്;

(ഡി) 8 ദശലക്ഷം ലിറ്റർ

(ഇ) പദ്ധതി പൂർത്തിയാക്കി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകും എന്ന് പറയാമോ?

(ഇ) KIFFB മുഖേന അംഗീകാരം നൽകിയ പദ്ധതി 2 പാക്കേജുകളായി പൂർത്തിയാക്കാനുദ്ദേശിച്ചിട്ടുള്ളത്. ഇതിൽ പാക്കേജ് –1-ന് കേരള വാട്ടർ അതോറിറ്റി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ GST പ്രാബല്യത്തിൽ വന്നതുകൊണ്ട് സെൻട്രൽ എക്സൈസ് ഡ്യൂട്ടിയിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് വ്യക്തത ആവശ്യപ്പെട്ട് കോൺട്രാക്ടർ എഗ്രിമെന്റ് വെക്കുവാനുള്ള സമയം നീട്ടി ചോദിച്ചിരിക്കുകയാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം മൂലം പാക്കേജ്–II-ന്റെ ടെണ്ടർ ഇതുവരെ വിളിക്കാൻ സാധിച്ചിട്ടില്ല. 2019 ജൂൺ 30-നകം പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്.

Reel

സെക്ഷൻ ഓഫീസർ

JSK/